# വൈദിക സെമിനാരി പ്രാർത്ഥന

**പട്ടക്കാരൻ:** ശുബഹോലാബോ........

**ജനം:** ബലഹീനന്മാരും..........

**പട്ടക്കാരൻ:** ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ വൽസല ശിഷ്യനായ പരിശുദ്ധ മാർതോമാ ശ്ലീഹായെ ഭാരതത്തിലേക്ക് നീ അയച്ചതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സത്യത്തിനും പ്രകാശത്തിനുമായി കാത്തിരുന്ന ഞങ്ങളുടെ പൂർവ്വികരെ നിന്നിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും നിത്യജീവനിലേക്കും നീ വഴി നയിച്ചു. നിന്റെ പരിശുദ്ധ സഭയെ ഈ നാട്ടിൽ സ്ഥാപിച്ച് ഇന്നേവരെ കാത്തു രക്ഷിച്ചതിനായി നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. മലമേൽ സ്ഥാപിച്ച പട്ടണം പോലെ അതു ശോഭിക്കുവാൻ സംഗതിയാക്കേണമേ. സ്നേഹത്തോടും ത്യാഗബുദ്ധിയോടും കൂടെ മനുഷ്യവർഗ്ഗത്തെ ശുശ്രൂഷിക്കുന്നവരും കുരിശെടുത്ത് നിന്നെ അനുഗമിക്കുന്നവരും നിന്റെ വചനംകൊണ്ടും വിശുദ്ധ കൂദാശാനുഷ്ഠാനങ്ങൾകൊണ്ടും ജനങ്ങളെ പോഷിപ്പിക്കുന്നവരുമായ നല്ല ഇടയന്മാരെ നിന്റെ സഭയിൽ എഴുന്നേല്പിക്കേണമേ.

കഴിഞ്ഞ കാലങ്ങളിൽ ഞങ്ങളുടെ വൈദികസെമിനാരികളെ നീ സംരക്ഷിച്ചു വളർത്തിയതിനാൽ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. അവയ്ക്കുവേണ്ടി സ്നേഹപൂർവ്വം പ്രവർത്തിക്കുന്ന എല്ലാവരേയും നന്ദിയോടെ ഞങ്ങൾ തിരുമുമ്പാകെ ഓർക്കുന്നു.

ഇപ്പോൾ ഈ സെമിനാരികളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന എല്ലാവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്റെ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ അവർക്കു നീ വർഷിച്ചുകൊടുക്കേണമേ. സേവനനിരതരും ആത്മനിറവുള്ളവരുമായ നല്ല വൈദികരെ നിനക്കു കാഴ്ച വയ്ക്കുവാൻ സെമിനാരികളെ നീ അനുഗ്രഹിക്കേണമേ. വിവിധ തരത്തിൽ ഈ സ്ഥാപനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്ന ഏവരേയും അവരുടെ പ്രയത്നങ്ങളേയും അനുഗ്രഹിക്കേണമേ. ഞങ്ങളും വിശ്വാസികളായ ഞങ്ങളുടെ വാങ്ങിപ്പോയവരും ഒരുമിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകേണമേ.

ഹോശോവബ്..................